# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 195 | 12.02.2020 - ൽ മറുപടിക്ക് |

## ജി.എസ്.ടി. നഷ്ടപരിഹാര തുക

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :<br>ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. വി.എസ്. ശിവകുമാർ : | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി. നഷ്ടപരിഹാരമായി കേന്ദ്രം നൽകുവാനുള്ള തുക നൽകാത്തതുമൂലം സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി ഉണ്ടായിട്ടുണ്ടോ; | (എ) | ജി.എസ്.ടി. നഷ്ടപരിഹാരമായി കേന്ദ്രം നൽകുവാനുള്ള തുക നൽകാത്തത് സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാക്കുന്നതിന് ഒരു കാരണമായിട്ടുണ്ട്. |
| (ബി) | ജി.എസ്.ടി. വരുമാനം വർദ്ധിക്കാത്തത് മൂലമാണ് നഷ്ടപരിഹാരതുക സമയബന്ധിതമായി കേന്ദ്രം കൈമാറാത്തത് എന്നത് വസ്തുതയാണോ; | (ബി) | GST കോമ്പൻസേഷൻ സെസ്സ് വഴി സ്വരൂപിക്കുന്ന compensation fund-ലെ അപര്യാപ്തതയാണ് ഇതിനുള്ള കാരണമായി 38-ഉം 39-ഉം ജി.എസ്.ടി. കൗൺസിൽ യോഗങ്ങളിൽ കേന്ദ്രപ്രതിനിധികൾ സൂചിപ്പിച്ചിട്ടുള്ളത്. |
| (സി) | നിലവിൽ എത്ര മാസത്തെ ജി.എസ്.ടി. നഷ്ടപരിഹാര കുടിശ്ശികയാണ് കേന്ദ്രം നൽകുവാനുള്ളത്; ഇത് എത്ര കോടി രൂപ വരും; വ്യക്തമാക്കുമോ; | (സി) | ജി.എസ്.ടി. കോമ്പൻസേഷൻ കേന്ദ്രം നൽകുന്നത് ദ്വൈമാസമായിട്ടാണ്. ഒക്ടോബർ 2019, നവംബർ 2019 എന്നീ മാസങ്ങളിലെ കുടിശ്ശികയായി 1510.76 കോടി രൂപയാണ് കേന്ദ്രം നൽകുവാനുള്ളത്. 2019 ഡിസംബർ, 2020 ജനുവരി എന്നീ മാസങ്ങളിലെ ജി.എസ്.ടി. കോമ്പൻസേഷൻ 1411 കോടി രൂപ വരും എന്നാണ് കരുതുന്നത്. |
| (ഡി) | 2019-ൽ ജി.എസ്.ടി. നഷ്ടപരിഹാരമായി കേന്ദ്രം എത്ര കോടി രൂപയാണ് സംസ്ഥാനത്തിന് നൽകിയത്; വിശദമാക്കാമോ? | (ഡി) | 2019-20 സാമ്പത്തിക വർഷം ജി.എസ്.ടി. കോമ്പൻസേഷനായി 30.09.2019 വരെ 3743 കോടി രൂപ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ